## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.6836 10.07.2014-ൽ മറുപടിക്ക്

### കേരള വാട്ടർ അതോറിറ്റിയുടെ ഇ.പി.ആർ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ | | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| എ | കേരള വാട്ടർ അതോറിറ്റിയിൽ ഇ.പി.ആർ പദ്ധതിക്ക് ടെണ്ടർ വിളിച്ചിട്ടുണ്ടോ ;എങ്കിൽ എന്ന് വിളിച്ചുവെന്നറിയിക്കുമോ ; | എ | കേരള വാട്ടർ അതോറിറ്റിയിൽ ഇ.ആർ.പി. പദ്ധതിക്ക് 09.12.2013 ൽ ടെണ്ടർ വിളിച്ചിട്ടുണ്ട്. |
| ബി | ടെണ്ടർ ഡോക്യുമെന്റിൽ ഏതെങ്കിലും ഘട്ടത്തിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടായിരുന്നുവോ ; എങ്കിൽ ഏതെല്ലാം സാഹചര്യങ്ങളിൽ എന്തെല്ലാം കാര്യങ്ങളിൽ എന്ന് വിശദമാക്കുമോ ; | ബി | ടെണ്ടർ നടപടി ക്രമങ്ങളിൽ ഉൾപ്പെട്ട പ്രീ ബിഡ് മീറ്റിംഗിൽ ലഭിച്ച നിർദ്ദേശങ്ങളിൽ സ്വീകാര്യമായവ കൂട്ടി ചേർത്ത് പ്രസിദ്ധീകരിച്ചതിനു ശേഷമാണ് ടെണ്ടറുകൾ സ്വീകരിച്ചിട്ടുള്ളത്. |
| സി | പദ്ധതിക്ക് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയർ പാടില്ലെന്ന് തീരുമാനിച്ചത് ഏത് തലത്തിലാണ്; അതിനുള്ള കാരണം വ്യക്തമാക്കുമോ; | സി | പദ്ധതിയ്ക്ക് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയർ പാടില്ലെന്ന തീരുമാനം എടുത്തിട്ടില്ല. |
| ഡി | ഏതെങ്കിലും ആഗോള കമ്പനിയുടെ ഡാറ്റാ ബേസ് മാത്രം ഉപയോഗിച്ച് പദ്ധതി പൂർത്തീയാക്കിയാൽ മതിയെന്ന് തീരുമാനിച്ചത് എന്തു കൊണ്ടാണ്; ഇത് സി.വി.സി. മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണെന്നറിയാമോ; ഇതുവഴി സർക്കാരിനും വാട്ടർ അതോറിറ്റിക്കും ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത എത്രയാണെന്ന് അറിയിക്കുമോ; | ഡി | ഏതെങ്കിലും ആഗോള കമ്പനിയുടെ ഡാറ്റാ ബേസ് മാത്രം ഉപയോഗിച്ച് പദ്ധതി പൂർത്തീയാക്കണമെന്ന് തീരുമാനിച്ചിട്ടില്ല. |

ഇ പ്രസ്തുത ടെണ്ടർ നടപടിയെ ക്കുറിച്ച് ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

ഇ ടെണ്ടറിൽ പങ്കെടുത്ത മൂന്ന് പേരിൽ നിന്നും ബിഡ് സംബന്ധിച്ച് ചില ആക്ഷേപങ്ങൾ ലഭിച്ചിരുന്നുവെങ്കിലും പരിശോധനയിൽ അവ നിലനിൽപ്പുള്ളതായി കണ്ടെത്തിയിട്ടില്ല.

എഫ് പ്രസ്തുത ടെണ്ടറിൽ എത്ര കമ്പനികൾ പങ്കെടുക്കുക യുണ്ടായി; ക്വാളിഫൈ ചെയ്ത കമ്പനികൾ ഏതൊക്കെയാണ് ഓപ്പൺ സോഴ്സ് കമ്പനികൾ എത്രയുണ്ട്; വ്യക്തമാക്കുമോ;

എഫ് പ്രസ്തുത ടെണ്ടറിൽ പങ്കെടുത്ത ഏഴ് കമ്പനികളുടെ വിശദവിവരങ്ങൾ താഴെചേർത്തിരിക്കുന്നു.

| Sl. No | കമ്പനി | |
|---|---|---|
| 1 | M/s. Wipro | SAP +sybase |
| 2 | M/s. L&T | SAP +sybase |
| 3 | M/s. KPIT | Oracle +Oracle |
| 4 | M/s. Bhawan Cyber Tek | Oracle +Oracle |
| 5 | M/s. CMC Ltd. | SAP +sybase |
| 6 | M/s. SRIT | Open source+Oracle |
| 7 | M/s. Yash Technologies | SAP +sybase |

മേൽപ്പറഞ്ഞവയിൽ M/s. SRIT ഓപ്പൺ സോഴ്സിലുള്ള ഇ.ആർ.പി. സോല്യൂഷൻ ആണ് ക്വാട്ട് ചെയ്തത്. ടെണ്ടർ ഇവാല്വേഷന ശേഷം താഴെ പ്പറയുന്ന 4 കമ്പനികളാണ് പ്രൈസ് ബിഡ് തുറക്കുന്നതിനുള്ള യോഗ്യത നേടിയത്.

1 M/s. Bhawan Cyber Tek
2 M/s. L&T
3 M/s. Wipro
4 M/s. KPIT

യോഗ്യത നേടിയവരിൽ ഓപ്പൺ സോഴ്സ് കമ്പനികൾ ഉണ്ടായിരുന്നില്ല.

ജി ടെണ്ടർ ഇവാല്യുവേഷൻ നടത്തിയത് എപ്രകാരമാണ്; സെലക്ട് ചെയ്യപ്പെട്ട കമ്പനി ഏതാണ്; ക്വാട്ട് ചെയ്യപ്പെട്ട തുക എത്രയാണ് വിശദാംശം നൽകുമോ;

ജി ടെണ്ടർ ഇവാല്വേഷൻ നടത്തിയത് ജൈക്ക പദ്ധതികളുടെ നടത്തിപ്പിനായി നിയമിച്ചിട്ടുള്ള ടോക്കിയോ എഞ്ചിനീയറിംഗ് കൺസൾട്ടൻസി ആണ്. രണ്ട് ഘട്ടമായിട്ടാണ് ടെണ്ടർ ഇവാല്വേഷൻ നടത്തുന്നത്.

1.ടെക്നിക്കൽ ബിഡ്

ഇവാല്യവേഷൻ- ലഭിച്ച ബിഡുകൾ ടെണ്ടറിൽ വ്യവസ്ഥ ചെയ്ത മാനദണ്ഡങ്ങൾക്കനുസരിച്ചാണോ എന്ന് പരിശോധിച്ച് പൂർണ്ണമായും ടെണ്ടർ വ്യവസ്ഥകൾ പാലിച്ച കമ്പനികളെ ഷോർട്ട് ലിസ്റ്റ് ചെയ്യുന്നു.

2. ഷോട്ട് ലിസ്റ്റ് ചെയ്ത കമ്പനികളുടെ പ്രൈസ് ബിഡ് ഓപ്പൺ ചെയ്യുകയും വിശദമായി പരിശോധിക്കുകയും ചെയ്യുന്നു. ഏറ്റവും കുറഞ്ഞ തുക വാഗ്ദാനം ചെയ്യുന്ന കമ്പനിയെയാണ് സെലക്ട് ചെയ്യുന്നത്. ഇത്തരത്തിൽ സെലക്ട് ചെയ്യപ്പെട്ട കമ്പനി M/s. Bhawan Cyber Tek ആണ്. അവരുടെ ക്വാട്ടഡ് തുക 19.5 കോടി രൂപയാണ്.

എച്ച് ടെണ്ടറിൽ പങ്കെടുത്ത ഓരോ കമ്പനിയും ക്വാട്ട് ചെയ്ത തുക എത്ര വീതമായിരുന്നു വെന്നറിയിക്കുമോ;

എച്ച് പ്രൈസ് ബിഡ് തുറക്കുവാൻ ടെണ്ടർ വ്യവസ്ഥ പ്രകാരം അർഹത നേടി കമ്പനികളും അവർ ക്വാട്ട് ചെയ്ത തുകയും താഴെ ചേർക്കുന്നു.

| Sl. No | കമ്പനി | ക്വാട്ടട് തുക |
|---|---|---|
| 1 | M/s. Bhawan Cyber Tek | 19,50,14,968 രൂ |
| 2 | M/s. KPIT | 25,36,95,000 രൂ |
| 3 | M/s. L&T | 29,50,23,624 രൂ |
| 4 | M/s. Wipro | 20,53,25,680 രൂ |

ഐ ടെണ്ടർ നടപടി ക്രമങ്ങളിലുണ്ടായതായി പറയപ്പെടുന്ന തിരിമറികളെ സംബന്ധിച്ച് അന്വേഷിക്കുമോ; വിശദമാക്കുമോ?

ഐ ടെണ്ടർ നടപടി ക്രമങ്ങളിൽ തിരിമറികൾ നടന്നിട്ടുള്ളതായി അറിവില്ല.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**